**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 216** **25-06-2024 - ൽ മറുപടിയ്ക്ക്**

**പ്രളയ ഭീഷണി നേരിടുന്നതിന് കൂടുതൽ ഡാമുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തുടർച്ചയായി ഉണ്ടാകുന്ന പ്രളയ ഭീഷണി നേരിടുന്നതിന് കൂടുതൽ ഡാമുകൾ ആവശ്യമാണെന്ന നിർദ്ദേശം ഉണ്ടായിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പുതിയ ഡാമുകൾ നിർമ്മിക്കുന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട്. 29 വർഷം പഴക്കമുള്ള നിലവിലെ മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷയെ പറ്റിയുള്ള ആശങ്ക, Down Stream Area യിൽ പ്രളയ ദുരന്ത സാധ്യത ലഘൂകരിക്കുക എന്നിവ പരിഗണിച്ച് മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.<br><br>ഡാമുകളെ സംബന്ധിച്ച് ഫീൽഡ് സ്റ്റഡി സർക്കിൾ, തൃശ്ശൂർ പഠനം നടത്തിയിട്ടുണ്ട്. കാവേരി ട്രിബ്യൂണൽ ഉത്തരവ് പ്രകാരം പാമ്പാർ സബ് ബേയ്സിനിൽ മൂന്ന് സ്കീമുകളിലായി മൂന്ന് ഡാമുകൾക്ക് വേണ്ടി പഠനം നടത്തിയിട്ടുണ്ട്. പാമ്പാർ നദീതടത്തിൽ നിന്നും കേരളത്തിനനുവദിച്ച 3TMC ജലം ഫലപ്രദമായി ഉപയോഗിക്കുന്നതിനായി പാമ്പാർ സബ് ബേയ്സിനിൽ ചെങ്കല്ലാർ സ്കീമിൽ ഉൾപ്പെടുത്തി കാന്തല്ലൂർ പഞ്ചായത്തിൽ പട്ടിശ്ശേരി ഡാം, തലയാർ സ്കീമിൽ ഉൾപ്പെടുത്തി ലോവർ ചട്ട മൂന്നാർ ഡാം, വട്ടവട സ്കീമിൽ ഉൾപ്പെടുത്തി ഒറ്റമരം ഡാം എന്നീ മൂന്ന് ഡാമുകൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.<br><br>കാവേരി നദീ ട്രിബ്യൂണലിന്റെ ഉത്തരവു പ്രകാരം ഭവാനി ബേസിനിൽ അനുവദിച്ച 6 TMC ജലത്തിൽ നിന്നും 2.87 TMC ജലം ഉപയോഗിക്കുന്നതിനായി അട്ടപ്പാടി-ചിറ്റൂരിൽ ശിരുവാണി പുഴയ്ക്ക് കുറുകെ ഡാം നിർമ്മിക്കുന്നതിനുള്ള പഠനം നടത്തിയിട്ടുണ്ട്.<br><br>ആയതിന്റെ വിശദമായ പദ്ധതി രേഖ കേന്ദ്ര ജല കമ്മീഷന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കൂടാതെ ചാലക്കുടി പുഴയുടെ പോഷക നദിയായ കാരപ്പാറ പുഴയിൽ അണക്കെട്ട് നിർമ്മിച്ച് ഭാരതപ്പുഴ ബേസിനിലെ മഴനിഴൽ പ്രദേശങ്ങളായ കൊഴിഞ്ഞമ്പാറ, എരുത്തേൻപതി, വടകരപ്പതി എന്നീ പഞ്ചായത്തുകളിൽ കുടിവെള്ളത്തിനും കാർഷിക ആവശ്യത്തിനുമായി ജലം ലഭ്യമാക്കുന്ന പദ്ധതി Sustainable Alternative for Kuriyarkutty Karappara Irrigation Project (SAKKIP) ക്കു വേണ്ടിയുള്ള വിശദമായ പദ്ധതി രേഖ തയ്യാറാക്കി വരുന്നു. ചാലക്കുടി പുഴയിലെ വെള്ളപ്പൊക്ക നിയന്ത്രണത്തിനും ജലവൈദ്യുത ഉത്പാദനത്തിനും ടി പ്രവൃത്തി ഉപകാരപ്പെടുന്നു.<br><br>2019 പ്രളയത്തിൽ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ നാശനഷ്ടം നേരിട്ട മലപ്പുറം ജില്ലയിൽ പോത്തുകല്ല് പഞ്ചായത്തിലെ അമ്പിട്ടാൻപൊട്ടിയിൽ ഒരു പ്രളയ നിയന്ത്രണ അണക്കെട്ടിന്റെ Feasibility study ക്കായി ദുരന്ത പ്രതിരോധ നിധി ഉപയോഗിച്ച് നടത്തുന്നതിനായി ഒരു പ്രൊപ്പോസൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അംഗീകരിച്ചത് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ പരിഗണനയിലാണ്.<br><br>കേന്ദ്ര ജലകമ്മീഷന്റെ 2018-ലെ കേരളത്തിലെ പ്രളയത്തെ സംബന്ധിച്ച പഠന റിപ്പോർട്ടിലെ പ്രളയ പ്രതിരോധ ഡാമുകളുടെ ശുപാർശ പ്രകാരം ഹൈഡ്രോളജിക്കൽ സാധ്യതാ പഠനം നടത്തിയിട്ടുണ്ട്.<br><br>പുതിയ ഡാമുകൾ പെരിയാർ, ചാലക്കുടി, ചാലിയാർ, പമ്പ-അച്ചൻകോവിൽ, മീനച്ചിൽ എന്നീ നദീതടങ്ങളിൽ നിർമ്മിക്കുന്നതിനാണ് നിർദ്ദേശിച്ചിരിക്കുന്നത്.<br><br>പുതിയ ഡാമുകൾ നിർമ്മിക്കുന്നതിനു വിഭാവനം ചെയ്തിരിക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | എങ്കിൽ പുതിയ ഡാമുകൾ എവിടെയെല്ലാം നിർമ്മിക്കുന്നതിനാണ് നിർദ്ദേശിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | ഉണ്ട്. 29 വർഷം പഴക്കമുള്ള നിലവിലെ മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷയെ പറ്റിയുള്ള ആശങ്ക, Down Stream Area യിൽ പ്രളയ ദുരന്ത സാധ്യത ലഘൂകരിക്കുക എന്നിവ പരിഗണിച്ച് മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.<br><br>ഡാമുകളെ സംബന്ധിച്ച് ഫീൽഡ് സ്റ്റഡി സർക്കിൾ, തൃശ്ശൂർ പഠനം നടത്തിയിട്ടുണ്ട്. കാവേരി ട്രിബ്യൂണൽ ഉത്തരവ് പ്രകാരം പാമ്പാർ സബ് |

ബേയ്സിനിൽ മൂന്ന് സ്കീമുകളിലായി മൂന്ന് ഡാമുകൾക്ക് വേണ്ടി പഠനം നടത്തിയിട്ടുണ്ട്. പാമ്പാർ നദീതടത്തിൽ നിന്നും കേരളത്തിനനുവദിച്ച 3TMC ജലം ഫലപ്രദമായി ഉപയോഗിക്കുന്നതിനായി പാമ്പാർ സബ് ബേയ്സിനിൽ ചെങ്കല്ലാർ സ്കീമിൽ ഉൾപ്പെടുത്തി കാന്തല്ലൂർ പഞ്ചായത്തിൽ പട്ടിശ്ശേരി ഡാം, തലയാർ സ്കീമിൽ ഉൾപ്പെടുത്തി ലോവർ ചട്ട മൂന്നാർ ഡാം, വട്ടവട സ്കീമിൽ ഉൾപ്പെടുത്തി ഒറ്റമരം ഡാം എന്നീ മൂന്ന് ഡാമുകൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

കാവേരി നദീ ട്രിബ്യൂണലിന്റെ ഉത്തരവു പ്രകാരം ഭവാനി ബേസിനിൽ അനുവദിച്ച 6 TMC ജലത്തിൽ നിന്നും 2.87 TMC ജലം ഉപയോഗിക്കുന്നതിനായി അട്ടപ്പാടി-ചിറ്റൂരിൽ ശിരുവാണി പുഴയ്ക്ക് കുറുകെ ഡാം നിർമ്മിക്കുന്നതിനുള്ള പഠനം നടത്തിയിട്ടുണ്ട്.

ആയതിന്റെ വിശദമായ പദ്ധതി രേഖ കേന്ദ്ര ജല കമ്മീഷന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ചാലക്കുടി പുഴയുടെ പോഷക നദിയായ കാരപ്പാറ പുഴയിൽ അണക്കെട്ട് നിർമ്മിച്ച് ഭാരതപ്പുഴ ബേസിനിലെ മഴനിഴൽ പ്രദേശങ്ങളായ കൊഴിഞ്ഞമ്പാറ, എരുത്തേൻപതി, വടകരപ്പതി എന്നീ പഞ്ചായത്തുകളിൽ കുടിവെള്ളത്തിനും കാർഷിക ആവശ്യത്തിനുമായി ജലം ലഭ്യമാക്കുന്ന പദ്ധതി Sustainable Alternative for Kuriyarkutty Karappara Irrigation Project (SAKKIP) ക്കു വേണ്ടിയുള്ള വിശദമായ പദ്ധതി രേഖ തയ്യാറാക്കി വരുന്നു. ചാലക്കുടി പുഴയിലെ വെള്ളപ്പൊക്ക നിയന്ത്രണത്തിനും ജലവൈദ്യുത ഉത്പാദനത്തിനും ടി പ്രവൃത്തി ഉപകാരപ്പെടുന്നു.

2019 പ്രളയത്തിൽ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ നാശനഷ്ടം നേരിട്ട മലപ്പുറം ജില്ലയിൽ പോത്തുകല്ല് പഞ്ചായത്തിലെ അമ്പിട്ടാൻപൊട്ടിയിൽ ഒരു പ്രളയ നിയന്ത്രണ അണക്കെട്ടിന്റെ Feasibility study ക്കായി ദുരന്ത പ്രതിരോധ നിധി ഉപയോഗിച്ച് നടത്തുന്നതിനായി ഒരു പ്രൊപ്പോസൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അംഗീകരിച്ചത് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ പരിഗണനയിലാണ്.

കേന്ദ്ര ജലകമ്മീഷന്റെ 2018-ലെ കേരളത്തിലെ പ്രളയത്തെ സംബന്ധിച്ച പഠന റിപ്പോർട്ടിലെ പ്രളയ പ്രതിരോധ ഡാമുകളുടെ ശുപാർശ പ്രകാരം ഹൈഡ്രോളജിക്കൽ സാധ്യതാ പഠനം നടത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | പുതിയ ഡാമുകൾ പെരിയാർ, ചാലക്കുടി, ചാലിയാർ, പമ്പ-അച്ചൻകോവിൽ, മീനച്ചിൽ എന്നീ നദീതടങ്ങളിൽ നിർമ്മിക്കുന്നതിനാണ് നിർദ്ദേശിച്ചിരിക്കുന്നത്.<br><br>പുതിയ ഡാമുകൾ നിർമ്മിക്കുന്നതിനു വിഭാവനം ചെയ്തിരിക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നമ്പർ | ജില്ല | വിഭാവനം ചെയ്തിരിക്കുന്ന പദ്ധതി | നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം |
|---|---|---|---|
| 1 | പാലക്കാട് | അട്ടപ്പാടി വാലി പ്രൊജക്ട് | ശിരുവാണി പുഴയ്ക്ക് കുറുകെ |
| 2 | പാലക്കാട് | Sustainable Alternative for Kuriyarkutty Karappara Irrigation Project (SAKKIP) | കാരപ്പാറ പുഴയ്ക്ക് കുറുകെ |
| 3 | വയനാട് | കടമാൻ ജലസേചന പദ്ധതി | പുൽപ്പള്ളി ഗ്രാമ പഞ്ചായത്തിലെ ആനപ്പാറ |
| 4 | വയനാട് | തൊണ്ടാർ ജലസേചന പദ്ധതി | എടവക ഗ്രാമ പഞ്ചായത്തിലെ മൂളിത്തോട് |
| 5 | വയനാട് | ചുണ്ടാലിപ്പുഴ ജലസേചന പദ്ധതി | മീനങ്ങാടി ഗ്രാമ പഞ്ചായത്തിലെ മട്ടിയമ്പം |
| 6 | വയനാട് | നൂൽപ്പുഴ ജലസേചന പദ്ധതി | നൂൽപ്പുഴ ഗ്രാമ പഞ്ചായത്തിലെ നൂൽപ്പുഴ |
| 7 | വയനാട് | കല്ലമ്പതി ജലസേചന പദ്ധതി | മേപ്പാടി ഗ്രാമ പഞ്ചായത്തിലെ കുന്നംപറ്റ |
| 8 | വയനാട് | തിരുനെല്ലി ജലസേചന പദ്ധതി | തിരുനെല്ലി ഗ്രാമ പഞ്ചായത്തിലെ പനവല്ലി |
| 9 | വയനാട് | പെരിങ്ങോട്ടുപുഴ ജലസേചന പദ്ധതി | തവിഞ്ഞാൽ ഗ്രാമ പഞ്ചായത്തിലെ വയനാംപാലം |

സെക്ഷൻ ഓഫീസർ